# അടിയന്തിരം

ഇ.9/ 18754/12

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം, തീയതി. 23-02-2013

## പരിപത്രം

വിഷയം : സാമൂഹ്യ. നീതി വകുപ്പ്- ഡി.പി.സി. (ഹയർ), ഡി.പി.സി. (ലോവർ)- കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്:

സൂചന: 1. 13-08-2012 ലെ ഇതേ നമ്പർ പരിപത്രം.

2. 08-11-2012, 16-11-2012 തീയതികളിലെ ഇ-9/ 28590/12 നമ്പർ പരിപത്രങ്ങൾ

സൂചനയിലെ പരിപത്രങ്ങിലെ നിർദ്ദേശപ്രകാരം ഡി.പി.സി. (ഹയർ), ഡി.പി.സി. (ലോവർ) മുമ്പാകെ സമർപ്പിക്കുവാൻ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥർ 2012 ലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് കൂടെ **27-02-2013** നകം ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

2013ലെ ലോവർ ഡി.പി.സി.യിലേക്ക് സമർപ്പിക്കുന്നതിനായി കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിക്കപ്പെട്ടിട്ടുള്ള **സൂപ്പർവൈസർമാർ 27-02-2013** നകം 2010,2011,2012 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പ് അഥവാ ആയത് സംബന്ധിച്ച് സി.ഡി.പി.ഒ നൽകുന്ന സാക്ഷ്യപത്രം എന്നിവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

★ മുൻ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തവരും എന്നാൽ 17-06-95 ലെ 48348/സ്പെഷ്യൽ സെൽ 1/93 സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 274 ന് മുന്നിൽ വരുന്നവരുമായ സൂപ്പർവൈസർമാരിൽ യോഗ്യരായവർ ഉണ്ടെങ്കിൽ അവരും 2010,2011,2012 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതും ആമുഖകത്തിൽ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

ഇനി ഇക്കാര്യത്തിൽ മറ്റൊരു അറിയിപ്പ് ഉണ്ടാകില്ലെന്നും ആയതിനാൽ യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്തവരുടെ പേരുകൾ ഒഴിവാക്കി ഡി.പി.സി. (ഹയർ), ഡി.പി.സി. (ലോവർ) കൂടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്ക്‌വേണ്ടി,